പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*25 28/01/2019 -ൽ മറുപടിക്ക്

## പകർച്ചവ്യാധി ഇതര രോഗങ്ങൾ കുറയ്ക്കാൻ നൂതന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ.പി.വി. അൻവർ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനം പകർച്ചവ്യാധി പ്രതിരോധത്തിൽ മികച്ച പുരോഗതി കൈവരിച്ച സാഹചര്യത്തിൽ പകർച്ചവ്യാധി ഇതര രോഗങ്ങൾ കുറയ്ക്കുന്നതിനായി നൂതന പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനത്തിനനുസൃതമായി ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, മസ്തിഷ്കരോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ഗുരുതര സ്വഭാവമുള്ള രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുന്നതായുള്ള ബോദ്ധ്യപ്പെടലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ദേശീയ ആരോഗ്യ ദൗത്യവും ജീവിതശൈലി രോഗനിയന്ത്രണ പരിപാടി ആരംഭിക്കുകയുണ്ടായി. അമൃതം ആരോഗ്യം എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതിയിൽ പ്രമേഹം, രക്താതിസമ്മർദ്ദം, പക്ഷാഘാതം, ഹൃദ്രോഗം, വൃക്കരോഗം, ഗുരുതര ശ്വാസകോശ രോഗം തുടങ്ങിയ വിവിധ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | ഇത്തരം രോഗങ്ങളുടെ വ്യാപനവും പ്രത്യാഘാതങ്ങളും സംബന്ധിച്ച് പഠനം നടത്തുന്നതിനായി വിവരശേഖരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ജീവിതശൈലിരോഗങ്ങളും അതിലേക്ക് നയിക്കുന്ന റിസ്ക് ഫാക്ടേഴ്സ്കളേയും സംബന്ധിച്ച് വിവിധങ്ങളായ പഠനങ്ങൾ പല കേന്ദ്രങ്ങളും നടത്തിയിട്ടുണ്ട്. എങ്കിലും ആധികാരികമായ ഒരു പഠനത്തിന്റെ ദൗർലഭ്യത കണക്കിലെടുത്ത് കൊണ്ട് സംസ്ഥാന ആരോഗ്യ വകുപ്പ് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടുകൂടി ബൃഹദ് പഠന പദ്ധതി ആരംഭിക്കുകയുണ്ടായി. 2016-17 ൽ ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ സഹായത്തോടുകൂടി അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് നടത്തിയ ഒരു ചെറു പഠനത്തിൽ 12000 വരുന്ന ജനസംഖ്യയിൽ മൂന്നിലൊരാൾക്ക് രക്താതിസമ്മർദ്ദവും അഞ്ചിൽ ഒരാൾക്ക് പ്രമേഹവുമുണ്ടെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണ് കിരൺ എന്ന പേരിൽ സംസ്ഥാനത്ത് 10 ലക്ഷത്തോളം വരുന്ന ജനങ്ങളിൽ പഠനം നടത്താൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചത്. 14 ജില്ലകളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ വഴി ഭവന സന്ദർശനം നടത്തിയാണ് |

| | | | |
|---|---|---|---|
| | | | ജീവിതശൈലിരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന ജീവിതശൈലികളെ കുറിച്ചും പഠനം നടത്താൻ ഉദ്ദേശിക്കുന്നത്. |
| സി) | എങ്കിൽ വിവരശേഖരണം നടത്തുന്നതിന് ആരെയെല്ലാമാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയുടെ പൊതുജനാരോഗ്യ വിഭാഗമായ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെയാണ് പഠനം നടത്താൻ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ആരോഗ്യ വകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ സഹകരണവും ഇ-ഹെൽത്തിന്റെ സാങ്കേതിക സഹായവും ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാകുന്ന വിവരങ്ങളുടെ അവലോകനവും മൂല്യനിർണ്ണയവും നടത്തുന്നതിന് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | പദ്ധതിയുടെ ഭാഗമാകുന്ന ആരോഗ്യപ്രവർത്തകർക്കും മേൽനോട്ട ചുമതല വഹിക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ഇതു സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ? | ഡി) | ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെയും അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസിന്റെയും നേതൃത്വത്തിൽ കിരൺ പദ്ധതിയുടെ ഭാഗമാകുന്ന ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസർമാർക്കും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക പരിശീലനം നൽകുകയുണ്ടായി. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പൈലറ്റ് തലത്തിൽ പഠനം ആരംഭിച്ച് പദ്ധതിയിൽ വരുന്ന സാങ്കേതിക ബുദ്ധിമുട്ടുകളും സങ്കീർണ്ണതകളും വിലയിരുത്തി ഇവ പരിഹരിച്ച് കൊണ്ട് മറ്റ് ജില്ലകളിലേക്ക് പഠനം വ്യാപിപ്പിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ